**പതിനാലാം കേരള നിയമസഭ**

**13-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3812.** **12.12.2018-ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന അതോറിറ്റിയിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എം. നൗഷാദ് :** | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| കൊല്ലം ജില്ലയിലെ ഇരവിപുരം നിയോജകമണ്ഡലത്തിൽ, പുതിയ വീട് നിർമ്മിക്കുന്നതിനും പഴയ വീട് പുതുക്കി പണിയുന്നതിനുമായി തീരദേശ പരിപാലന അതോറിറ്റിയിൽ സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | കേരള തീരദേശ പരിപാലന അതോറിറ്റിയിൽ CRZ ക്ലിയറൻസിനായുള്ള അപേക്ഷകൾ നിയോജകമണ്ഡല അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. അപേക്ഷകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരി മുഖേനയാണ് കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്നത്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിക്കുന്നവയുടെ അടിസ്ഥാനത്തിലാണ് കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ടി അപേക്ഷകൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നത്. കൊല്ലം ജില്ലയിൽ മൊത്തം 94 അപേക്ഷകൾ ഇനിയും തീർപ്പാക്കുവാനുണ്ട്. ഇതിൽ 86 അപേക്ഷകളിൽ അധിക വിവരങ്ങൾ സമർപ്പിക്കുവാൻ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ